msarazak@hotmail.com



എം.എസ്.എ റസാഖ്

# കർമങ്ങളുടെ പൂർണത

عن عَائِشَةَ رَضى الله عَنْهَا قَالَتْ: قَال رَسُول اللَّهِ ﷺ انَّ الله يُحِبُّ إذَا عَمِلَ أَحَدُكُم عَملاً أن يُتْقِنَهُ(طبرانى)

ആഇശ(റ) റിപ്പോർട്ട് ചെയ്യുന്നു. നബി(സ) പറഞ്ഞു: "നിങ്ങൾ കർമങ്ങൾ ചെയ്യുമ്പോൾ സുഭദ്രമായി ചെയ്യുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു." (ത്വബറാനി)*

ഏതൊരു കർമവും കുറ്റമറ്റതും പൂർണവും സുഭദ്രവുമായി ചെയ്യുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു. കർമങ്ങൾ കൃത്യതയോടെയും വൈദഗ്ധ്യത്തോടെയും ആത്മാർഥതയോടെയും യുക്തിപൂർണമായും മനോഹരമായും ചെയ്യുന്നതിനാണ് 'ഇത്ഖാൻ' എന്നുപറയുക. അപ്പോൾ കർമങ്ങളിൽ തികവും മികവുമുണ്ടാകും. അതിനാവശ്യമായ അറിവും സാമർഥ്യവും നൈപുണ്യവും പാടവവും നാം ആർജിക്കണം. കർമങ്ങൾ ഈ വിധം ചെയ്യുന്നത് അല്ലാഹുവിന്റെ പ്രീതിയും സ്നേഹവും നേടാൻ നിമിത്തമാകുന്നു. അത് ദീനിന്റെ ഭാഗവും ഇബാദത്തുമാകുന്നു. അല്ലാഹുവിന്റെ പ്രീതിയും സ്നേഹവും നേടലാണ് വലിയ നേട്ടം. കാരണം, അവനാണ് നമ്മുടെ അസ്തിത്വത്തിന്റെ ഉടമ. ഉപജീവനം നൽകുന്നവൻ. സഹായിയും സംരക്ഷകനും അവൻ തന്നെ. ദൈവപ്രീതി കരസ്ഥമാക്കാൻ സാധിച്ചാൽ ആകാശ-ഭൂമിയോളം വിശാലമായ സ്വർഗപ്രവേശത്തിന് സൗഭാഗ്യം ലഭിച്ചവനായിത്തീരുന്നു.

നാം ഒരാളെ ഇഷ്ടപ്പെട്ടാൽ അയാളെ കാണാൻ ആഗ്രഹിക്കും. അയാളിൽ തൽപരനാകും. അയാളുടെ സാമീപ്യം കൊതിക്കും. അയാളുടെ തൃപ്തിക്കനുസൃതമായി പെരുമാറും. അതേപ്രകാരം അല്ലാഹുവിനെ സ്നേഹിക്കുന്നവർ സദാ അല്ലാഹുവിനെ അനുസരിക്കും. അവന്റെ നിർദേശങ്ങൾക്കനുസൃതമായി ആത്മാർഥതയോടെയും നിഷ്കളങ്കമായും പ്രവർത്തിക്കും. അല്ലാഹുവിനെ സ്നേഹിക്കുന്നവരെ അവൻ സംരക്ഷിക്കും. അവരിൽ കാരുണ്യം ചൊരിയും. അനുഗ്രഹങ്ങൾ നൽകും. ദൈവസ്നേഹം വിശ്വാസത്തിന്റെ അവിഭാജ്യ ഘടകമാണ്. ദൈവസ്നേഹമില്ലാത്തവന് ഈമാനില്ല.

കർമങ്ങൾ പൂർണതയോടെയും യുക്തിപൂർണമായും സുഭദ്രമായി ചെയ്യണമെന്ന പ്രവാചക നിർദേശത്തിന്റെ മേഖല വിശാലമാണ്. ആരാധനാകർമങ്ങളും തൊഴിൽ-നിർമാണ-സേവന പ്രവർത്തനങ്ങളും എല്ലാം ഇതിൽ ഉൾക്കൊള്ളുന്നു. കർമങ്ങൾ സുഭദ്രമായി ചെയ്യുക. അതിനുള്ള ഉപാധികൾ പൂർത്തിയാക്കുക. പിഴവുകളും ന്യൂനതകളും ഇല്ലാതിരിക്കുക. തൊഴിൽ ചെയ്യുന്നത് ആത്മാർഥതയോടെയായിരിക്കുക. ജനനന്മക്കും ദൈവപ്രീതിക്കും ഉതകുന്നതായിരിക്കുക. കളവ്, വഞ്ചന, പൂഴ്ത്തിവെയ്പ്, കൃത്രിമത്വം, ബോധപൂർവം തെറ്റ് വരുത്തൽ, ന്യൂനതകൾ മറച്ചുവെക്കൽ, കരാറിൽ അംഗീകരിച്ച വസ്തുക്കൾ ഉപയോഗിക്കാതിരിക്കൽ എന്നിവ തൊഴിൽ രംഗത്ത് ഉണ്ടാവാൻ പാടില്ല. കേവലം വേതനത്തിനുമാത്രമാകരുത് തൊഴിൽ ചെയ്യുന്നത്. സേവന മനഃസ്ഥിതി കൂടിയുണ്ടാവണം.

പ്രവർത്തനങ്ങൾ ആത്മാർഥതയോടെ ചെയ്യുന്നത് സ്വർഗ പ്രവേശത്തിന് മനുഷ്യനെ അർഹനാക്കുന്നു. സുഭദ്രമായി പ്രവർത്തിക്കുന്നത് ഐഹിക വിജയത്തിനും പുരോഗതിക്കും സഹായകമാണ്. കർമങ്ങൾ ഭംഗിയോടെയും കുറ്റമറ്റരീതിയിലും ചെയ്യണം. ബഖീഇൽ ഒരു ഖബ്റടക്ക വേളയിൽ നബി(സ) സന്നിഹിതനായിരുന്നു. മയ്യിത്ത് ഖബ്റിൽ വെച്ച ശേഷം കല്ലുകൾ വെക്കുകയും മണ്ണിട്ടുമൂടുകയും ചെയ്തു. പക്ഷേ അത് വേണ്ടത്ര ഭദ്രമായിരുന്നില്ല. വിടവുകൾ ദൃശ്യമായി. ഇത് കണ്ട പ്രവാചകൻ(സ) പറഞ്ഞു: "മണ്ണിടുന്നത് ഭംഗിയിലോ മികച്ച രീതിയിലോ ആവുന്നത് മയ്യിത്തിന് യാതൊരു ഗുണമോ ദോഷമോ ചെയ്യില്ല. പക്ഷേ ആ പ്രവർത്തനം സുഭദ്രമായും കൃത്യമായും ചെയ്യുന്നതാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്" (ബൈഹഖി - *ശുഅ്ബുൽ ഈമാൻ*). നബി(സ) പറയുന്നു: "നന്നായി കർമം ചെയ്യുന്നവനെ അല്ലാഹു ഇഷ്ടപ്പെടുന്നു" (ത്വബ്റാനി). "എല്ലാ കാര്യങ്ങളും നല്ല നിലയിൽ ചെയ്യണമെന്ന് അല്ലാഹു നിശ്ചയിച്ചിരിക്കുന്നു" (മുസ്ലിം). അലി(റ) പറഞ്ഞു: "വ്യക്തിയുടെ മൂല്യം നിർണയിക്കപ്പെടുക അവൻ ചെയ്യുന്ന നല്ല പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ്." ആഇശ(റ) നിവേദനം ചെയ്യുന്നു: "നബി(സ) അരുളി: ഇത്ഖാനോടുകൂടി (കൃത്യതയോടെയും മികച്ച രീതിയിലും) കർമം ചെയ്യാത്ത വ്യക്തിയുടെ കർമം സ്വീകാര്യമാവില്ല." സ്വഹാബിമാർ ചോദിച്ചു: "പ്രവാചകരേ, എന്താണ് ഇത്ഖാൻ?" അവിടുന്ന് പറഞ്ഞു: "അത് ലോകമാന്യതയിൽ നിന്നും ബിദ്അത്തിൽ (പുത്തൻ നിർമിത) നിന്നും മുക്തമായിരിക്കുക എന്നാകുന്നു"(ത്വബ്റാനി). സേവന പ്രവർത്തനങ്ങളിൽ എന്ന പോലെ ആരാധനാ കർമങ്ങളിലും ഈ തത്ത്വം ബാധകമാണ്. പ്രവാചകൻ(സ) അരുളി: "കർമം ആത്മാർഥതയോടും ദൈവപ്രീതി കാംക്ഷിച്ചുകൊണ്ടുമുള്ളതല്ലെങ്കിൽ സ്വീകരിക്കപ്പെടുകയില്ല" (*ജാമിഉസ്സ്വഹീഹ്*, അൽബാനി).

നമ്മുടെ സർക്കാർ-സർക്കാരേതര മേഖലയിലെ ഉദ്യോഗസ്ഥർ തൊഴിലിനെ ഈ പരിപ്രേക്ഷ്യത്തിലൂടെ വീക്ഷിക്കുകയും, ആത്മാർഥതയോടെയും ജനസേവനവികാരത്തോടെയും തൊഴിൽ ചെയ്യുകയുമാണെങ്കിൽ രാജ്യം ചുവപ്പ് നാടയിൽ കുടുങ്ങുകയില്ല. ജനങ്ങളുടെ ആവശ്യങ്ങളും സർക്കാർ സേവനങ്ങളും കാലവിളംബം കൂടാതെ പൂർത്തീകരിക്കാൻ കഴിയും. ഡോക്ടർമാർ, നിയമജ്ഞർ, അധ്യാപകർ, തൊഴിലാളികൾ, കച്ചവടക്കാർ, കൂലിപ്പണിക്കാർ എല്ലാവർക്കും ഇത് ബാധകമാണ്. ഇവരെല്ലാം ആത്മാർഥമായി സേവനം ചെയ്യുന്നുവെങ്കിൽ നമ്മുടെ നാടിന്റെ മുഖഛായ മാറും. വിശ്വാസികളുടെ കർമങ്ങളിൽ ഈ വികാരം നിറഞ്ഞുനിൽക്കേണ്ടതുണ്ട്. ജനസേവന പ്രവർത്തനങ്ങൾ ദൈവാരാധനയുടെ രംഗമായാണവർ കാണേണ്ടത്. ■

* (ത്വബ്റാനി 'ഔസത്വിൽ' ഉദ്ധരിച്ചത്. ശൈഖ് അൽബാനി സ്വഹീഹിൽ ഉൾപ്പെടുത്തി. 'സിൽസിലത്തുൽ അഹാദീസിസ്സ്വഹീഹ, ഹദീസ് നമ്പർ: 1113, വാള്യം:3)